gulfmadhyamam
2014 ഒക്ടോബർ 23 ● വ്യാഴം



# പുരുഷു കോരൻെറ കുടുംബത്തിന് ഒരുമ സഹായം കൈമാറി

**കുവൈത്ത് സിറ്റി:** ഒരുമ സാമൂഹിക ക്ഷേമ പദ്ധതിയിൽ അംഗമായിരിക്കെ മരിച്ച കാസർകോട് മണപ്പുറം നീലേശ്വരം സ്വദേശി പുരുഷുകോരൻെറ കുടുംബത്തിനുള്ള സഹായധനം കൈമാറി. മൂന്നു ലക്ഷം രൂപ വെൽഫെയർ പാർട്ടി തൃക്കരിപ്പൂർ മണ്ഡലം പ്രസിഡൻറ് പത്മനാഭൻ പരേതൻെറ ഭാര്യക്ക് കൈമാറി. വെൽഫെയർ പാർട്ടി കാസർകോട് ജില്ലാ വൈസ് പ്രസിഡൻറ് മുത്തലിബ്, കാഞ്ഞങ്ങാട് മണ്ഡലം വൈസ് പ്രസിഡൻറ് ഇബ്രാഹിം, കെ.ഐ.ജി എക്സിക്യൂട്ടിവ് മെംബർ കെ. മൊയ്തു, കാഞ്ഞങ്ങാട് ജമാഅത്തെ ഇസ്‌ലാമി യൂനിറ്റ് പ്രസിഡൻറ് അബ്ദുറഹ്മാൻ എന്നിവർ സംബന്ധിച്ചു.

കെ.ഐ.ജിയുടെ മേൽനോട്ടത്തിലുള്ള പദ്ധതിയിൽ അംഗമാകുന്നവർ മരിച്ചാൽ അവർ നിർദേശിച്ച വ്യക്തിക്ക് രണ്ടു ലക്ഷവും ഒരു വർഷത്തിലധികം തുടർച്ചയായി അംഗമായിത്തുടരുന്നവർ മരിച്ചാൽ മൂന്നു ലക്ഷം രൂപയും നൽകുന്നതാണ് പദ്ധതി. അടുത്ത വർഷത്തേക്ക് അംഗങ്ങളെ ചേർക്കുന്ന കാമ്പയിൻ നവംബർ ഒന്നു മുതൽ ആരംഭിക്കുമെന്ന് കൺവീനർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 97939049 നമ്പറിൽ ബന്ധപ്പെടുകയോ www.orumakuwait.com വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാം.

## കോഴിക്കോട് ജില്ലാ അസോസിയേഷൻ ബാഡ്മിൻറൺ ടൂർണമെൻറ്

**കുവൈത്ത് സിറ്റി:** കോഴിക്കോട് ജില്ലാ അസോസിയേഷൻ അംഗങ്ങൾക്കായി ബാഡ്മിൻറൺ ടൂർണമെൻറ് സംഘടിപ്പിക്കുന്നു. നവംബർ ഏഴിന് അബ്ബാസിയ ഭാരതീയ വിദ്യാഭവൻ സ്കൂളിൽ നടക്കുന്ന ടൂർണമെൻറിൽ ഏരിയ അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിൽ മത്സരങ്ങൾ നടക്കും.

## ഐ ബ്ലാക് ഷോറൂം ഉദ്ഘാടനം ഇന്ന്

**കുവൈത്ത് സിറ്റി:** യു.എ.ഇ കേന്ദ്രമായി പ്രവർത്തിക്കുന്ന യൂനിയൻ ഇലക്ട്രോണിക്സ് ട്രേഡിങ് കമ്പനിയുടെ പ്രഥമ ബ്രാൻഡായ ഐ ബ്ലാക് ഇലക്ട്രോണിക്സ് ആൻഡ് ഹോം അപ്ലയൻസസിൻെറ ഹോൾസെയിൽ ആൻഡ് റീട്ടെയിൽ ഷോറൂം ഇന്ന് ഉദ്ഘാടനം ചെയ്യും. കുവൈത്ത് സിറ്റി സൂഖ് അൽമുബാറകിയയിൽ വൈകീട്ട് ആറിന് പാണക്കാട് ബശീറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം നിർവഹിക്കും.ഉദ്ഘാടനത്തോടനുബന്ധിച്ച് ഉപഭോക്താക്കൾക്കായി പ്രത്യേക ഓഫറുകൾ ഒരുക്കിയിട്ടുണ്ടെന്ന് മാനേജ്മെൻറ് അറിയിച്ചു.

## ഹവല്ലിയിൽ സുരക്ഷാ പരിശോധന: നിരവധി പേർ പിടിയിൽ

**ഹവല്ലി:** സുരക്ഷാ ക്രമീകരണത്തിൻെറ ഭാഗമായി സുരക്ഷാ വിഭാഗം ഹവല്ലി ഗവർണറേറ്റിൻെറ വിവിധ ഭാഗങ്ങളിൽ പരിശോധന നടത്തി. മതിയായ രേഖകളില്ലാത്ത 17 പേരും വിവിധ കുറ്റകൃത്യങ്ങൾ നടത്തി ഒളിവിൽ കഴിഞ്ഞുവന്ന 10 പേരും പിടിയിലായി. കൂടാതെ, സ്പോൺസർ മാറി ജോലി ചെയ്തുവന്ന ആറുപേരും വഴിവാണിഭക്കാരായ 10 പേരും പിടിയിലായിട്ടുണ്ട്.

സമാനമായി ട്രാഫിക് വിഭാഗം നടത്തിയ പരിശോധനയിൽ 168 നിയമലംഘനങ്ങൾ രേഖപ്പെടുത്തി.

കടുത്ത നിയമലംഘനങ്ങളിലേർപ്പെട്ട 15 പേരെ പ്രത്യേകം സെല്ലുകളിലേക്ക് മാറ്റി.

## നിൽപുസമരം: വെൽഫെയർ കേരള ഐക്യദാർഢ്യ സംഗമം നാളെ

**കുവൈത്ത് സിറ്റി:** ആദിവാസികളുടെ നിൽപുസമരത്തിന് പിന്തുണ പ്രഖ്യാപിച്ചും അവരുടെ ന്യായമായ ആവശ്യങ്ങൾ എത്രയും പെട്ടെന്ന് അംഗീകരിക്കണമെന്നുമാവശ്യപ്പെട്ട് വെൽഫെയർ കേരള കുവൈത്തിൻെറ നേതൃത്വത്തിൽ ഐക്യദാർഢ്യ സംഗമം സംഘടിപ്പിക്കുന്നു. നാളെ വൈകീട്ട് ആറു മുതൽ അബ്ബാസിയ കമ്യൂണിറ്റി ഹാളിൽ നടക്കുന്ന പരിപാടി ജോൺ മാത്യു ഉദ്ഘാടനം ചെയ്യും. ഐക്യദാർഢ്യ പ്രഖ്യാപനം, കവിതാലാപനം എന്നിവയുണ്ടാവും.